# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

## ഗവ: എൽ.പി. സ്കൂൾ വടക്കേ പുലിയന്നൂർ

**പി.ഒ.കരിന്തളം, കാസർഗോഡ് ജില്ല, പിൻ–671314**

# മികവോടെ...

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025–26

# ഉള്ളടക്കം

1. ആമുഖം

2. ചരിത്രം

3. അവസ്ഥാവിശകലനം

4. കാഴ്ചപ്പാട്

5. ലക്ഷ്യങ്ങൾ

6. അക്കാദമിക പ്രവർത്തനങ്ങളും വിശദാംശങ്ങളും

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| മേൽവിലാസം | : കരിന്തളം (പി.ഒ), നീലേശ്വരം (വഴി) |
| ഇ.മെയിൽ | : glpsvadakkepuliyannur@gmail.com |
| സ്കൂൾ കോഡ് | : 12413 |
| യൂസൈഡ് കോഡ് | : 32010600203 |
| വിദ്യാഭ്യാസ ജില്ല | : കാഞ്ഞങ്ങാട് |
| റവന്യൂ ജില്ല | : കാസർഗോഡ് |
| ബ്ലോക്ക് | : പരപ്പ |
| സി.ആർ.സി | : ചിറ്റാരിക്കൽ |
| ഗ്രാമപഞ്ചായത്ത് | : കിനാനൂർ കരിന്തളം |
| നിയമസഭ | : കാഞ്ഞങ്ങാട് |
| വില്ലേജ് | : കരിന്തളം |
| താലൂക്ക് | : വെള്ളരിക്കുണ്ട് |

# ആമുഖം

കിനാനൂർ കരിന്തളം ഗ്രാമത്തിലെ 14-ാം വാർഡിൽ വടക്കെ പുലിയന്നൂരിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1956 ൽ ദക്ഷിണ കർണ്ണാടക ജില്ലാ ബോർഡ് പ്രസിഡണ്ടിന്റെ 14-03-1956 ലെ ഇ1-135/56 നമ്പർ ഉത്തരവ് പ്രകാരം മാർച്ച് 22 നാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. വിമുക്തഭടൻ കൂടിയായ ശ്രീ. കെ കണ്ണൻ മാസ്റ്റർ ആയിരുന്നു പ്രഥമ ഏകാധ്യാപകൻ. അക്കാലത്ത് ചീമേനി സെക്കന്റ് വില്ലേജിന്റെ ഭാഗമായിരുന്നു ഈ പ്രദേശങ്ങൾ. കർണ്ണാടക ജില്ലയിലെ കാസർഗോഡ് താലൂക്കിൽപ്പെട്ട ഈ പ്രദേശങ്ങൾ 1956 നവംബർ മാസത്തിൽ കേരള സംസ്ഥാന രൂപീകരണത്തോടെ മലബാർ ജില്ലയുടെ ഭാഗമായി.

ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പ്രദേശത്തിന്റെ സാമൂഹിക-സാംസ്കാരിക ജീവിതത്തേയും വിശിഷ്യാ വിദ്യാലയത്തിന്റെ പ്രവർത്തനത്തേയും സ്വാധീനിച്ചിട്ടുണ്ട്. വടക്കുഭാഗത്തെ ചെങ്കൽപീഠ ഭൂമിയുടെ കുത്തനെയുള്ള ചെരിവും തെക്കുഭാഗത്തെ കാര്യങ്കോട് പുഴയും ചേർന്ന കിടക്കുന്ന ഈ പ്രദേശത്തെ താരതമ്യേന ജനവാസവും വിസ്തൃതിയും കുറഞ്ഞതാണ്. തൊഴിൽ ലഭ്യതക്കുറവും യാത്രാസൗകര്യത്തിന്റെ അപര്യാപ്തതയും ആളുകൾ താമസം മാറുന്നതിന് ഇടയാക്കുന്നു.

## വിദ്യാലയ ചരിത്രം

അന്യത്ര പരാമർശിച്ചതുപോലെ സ്വാതന്ത്ര്യ ലബ്ധിയുടെ ആദ്യ ദശകത്തിനൊടുവിൽ സംസ്ഥാന രൂപീകരണത്തിനു തൊട്ടുമുമ്പാണ് മറ്റു പല മലബാർ ഗ്രാമങ്ങൾക്കൊപ്പം വടക്കെ പുലിയന്നൂരിലും ബോർഡ് എലമെന്ററി സ്കൂൾ സ്ഥാപിചമായത്. തെക്കൻ കർണ്ണാടക ജില്ലയുടെ ഭാഗമായ കാസർഗോഡ് താലൂക്കിൽ മാത്രമല്ല മലബാർ ജില്ലയുടെ ഇതരഭാഗങ്ങളിലും ഇക്കാലയളവിൽ വിദൂര ഗ്രാമങ്ങളിൽപ്പോലും ഏകാധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായി. നമ്മുടെ വിദ്യാലയം ആദ്യവർഷത്തിൽ വീട്ടുകോലായിലും തുടർന്ന് നാലുകാൽ ഓലപ്പുരയിലും പിന്നീട് സർക്കാർ സഹായത്തോടെ വർഷാവർഷം കെട്ടിമേഞ്ഞ ഓലഷെഡ്ഡിലും ആണ് പ്രവർത്തിച്ചു വന്നത്. നാട്ടുകാർത്തന്നെ മുൻകൈയെടുത്ത് സ്ഥലം വാങ്ങി സർക്കാരിലേക്ക് വിട്ടുനൽകിയ സ്ഥലത്തായിരുന്നു ഓലഷെഡ് പണി കഴിപ്പിച്ചത്. 1990 ന് ശേഷമാണ് ഓടു മേഞ്ഞത്.

## അവസ്ഥാ വിശകലനം

2025 – 2026 അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം

| വിഭാഗം | Pre Primary | | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G |
| SC | - | - | - | - | - | - | - | - | - | - | - | - |
| ST | - | - | - | - | - | - | - | - | - | - | - | - |
| മുസ്ലീം | - | - | - | - | - | - | - | - | - | - | - | - |
| ജനറൽ OBC | 8 | 7 | 7 | 1 | 3 | 1 | 5 | 3 | 2 | 4 | 25 | 16 |
| CWSN | - | - | - | - | - | - | - | - | - | - | - | - |
| **Total** | **15** | | **8** | | **4** | | **8** | | **6** | | **41** | |

2024 – 25 അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം

| വിഭാഗം | Pre Primary | | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G |
| SC | - | - | - | - | - | - | - | - | - | - | - | - |
| ST | - | - | - | - | - | - | - | - | - | - | - | - |
| മുസ്ലീം | - | - | - | - | - | - | - | - | - | - | - | - |
| ജനറൽ OBC | 10 | 3 | 3 | 1 | 6 | 3 | 1 | 4 | 5 | 8 | 25 | 19 |
| CWSN | - | - | - | - | - | - | - | - | - | - | - | - |
| **Total** | **13** | | **4** | | **9** | | **4** | | **13** | | **45** | |

## കാഴ്ചപ്പാട്

2028 ആകുമ്പോഴേക്കും നമ്മുടെ വിദ്യാർത്ഥികളുടെ അക്കാദമികവും സർഗപര വുമായ എല്ലാ കഴിവുകളും പരിപോഷിപ്പിക്കുന്നതിനുള്ള കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റുന്നതിനുള്ള പ്രവർത്തന പദ്ധതിക്കാണ് വിഷൻ -ലൂടെ ലക്ഷ്യമിടുന്നത്. അക്കാദമിക രംഗത്ത് പ്രത്യേകിച്ച് എഴുത്ത്, വായന, ശാസ്ത്രബോധം എന്നിവയിൽ മികച്ച മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മുൻതൂക്കം നൽകുന്നു. രക്ഷിതാക്കൾക്കും കുട്ടികൾക്കും ഇരുന്നുവായിക്കുന്നതിനാവശ്യമായ ലൈബ്രറി ഹാൾ ലക്ഷ്യമിടുന്നു. നാലു

വർഷം ആകുമ്പോഴേക്കും 80 കുട്ടികളെങ്കിലും പഠിക്കുന്ന ഒരു എൽ.പി സ്കൂളാക്കി മാറ്റുന്ന തരത്തിലുള്ള ഒരു കർമ്മപരിപാടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ലക്ഷ്യങ്ങൾ**

- പഠനപ്രവർത്തനങ്ങൾ ശിശു സൗഹൃദവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ലക്ഷ്യമിടുന്നു.
- ഇംഗ്ലീഷ് ഭാഷയിലും ഗണിതപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.
- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക
- തന്റെ ചുറ്റുപാടുകളെക്കുറിച്ച് ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുക.
- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- കഥയരങ്ങ്, വായനോത്സവം, രചനോത്സവം, പാട്ടരങ്ങ് തുടങ്ങിയ സന്ദർഭങ്ങൾ ഒരുക്കുക വഴി മികച്ച ഭാഷയിൽ എഴുതുവാനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്താനും കൃത്യമായ സന്ദർഭങ്ങളിൽ ഭാഷാശേഷി പ്രയോഗിക്കാനും പ്രാപ്തി നേടുക.
- നാലാം ക്ലാസ് കഴിയുമ്പോഴേക്കും സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക.
- മുഴുവൻ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ

| **മാതൃഭാഷാ വികാസം** | **പ്രവർത്തനങ്ങൾ** |
|---|---|
| വായന | • പാട്ടരങ്ങ് നടത്തൽ<br>• വായനാ കാർഡ് തയ്യാറാക്കൽ<br>• കുട്ടിക്കവിതകൾ വായന, ബാലമാസികകൾ, ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ, സംയുക്ത ഡയറി, സചിത്ര പുസ്തകം തയ്യാറാക്കൽ, പതിപ്പ് ദിനാചരണം, നോട്ടീസ് തയ്യാറാക്കൽ, വായനോത്സവം, രചനോത്സവം സംഘടപിക്കൽ |
| ഇംഗ്ലീഷ് | • ഇംഗ്ലീഷ് വായനാകാർഡ് തയ്യാറാക്കൽ, ഇംഗ്ലീഷ് ഡയറി, വിദഗ്ധ ക്ലാസുകൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ. പതിപ്പ് തയ്യാറാക്കൽ |
| ഗണിതം | • ഒന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും മഞ്ചാടിസഞ്ചി, ഗണിത കുഞ്ഞുപുസ്തകം, ക്ലാസിലൊരു ഡൈസ് (ഡൈസ് കളി)<br>• കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കളികൾ<br>• ഗണിത ചിത്രങ്ങൾ, ഗണിതോപകരണങ്ങൾ ഉപയോഗപ്പെടുത്തൽ<br>• ഗണിത മേളകൾ നടത്തുന്നു.<br>• ഗണിത ക്വിസ് നടത്തൽ<br>• ഹോണസ്റ്റി ഷോപ്പ് ഗെയിം<br>• ഗണിതശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തൽ |
| പരിസരപഠനം | • ഫീൽഡ്ട്രിപ്പ്, ജൈവ വൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തൽ. ശാസ്ത്ര ലാബ് വിപുലീകരണം. ദിനാചരണം, പതിപ്പുകൾ<br>• ലഘുപരീക്ഷണങ്ങൾ, പ്രകൃതി നടത്തം |
| പ്രവർത്തി പരിചയം | • വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വിദഗ്ധരെ പ്രയോജനപ്പെടുത്തൽ<br>• ശില്പശാലകൾ, മേളകളിലെ പരിശീലനം |

| | |
|---|---|
| കല | • വിദ്യാരംഗം പ്രവർത്തനങ്ങൾ സജീവമാക്കുക. ആഴ്ചയിൽ ഒരു വിദ്യാരംഗം പരിപാടി. പരമാവധി കുട്ടികളെ മേളയിൽ പങ്കെടുപ്പിക്കാനുള്ള പരിശീലനം നൽകൽ. ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ. |
| കായികം | • സൂംബ ഡാൻസ് ആഴ്ചയിൽ ഒരു ദിവസം<br>• മാസ്ഡ്രിൽ ആഴ്ചയിൽ മൂന്ന് ദിവസം, കുട്ടികളുടെ പോഷകാഹാരം മെച്ചപ്പെടുത്തൽ, കായിക പരിശീലനം മെച്ചപ്പെടുത്തൽ |
| അസംബ്ലി | • ആഴ്ചയിൽ രണ്ട് അസംബ്ലി. ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി, ഒരു ദിവസം മലയാളം അസംബ്ലി. കുട്ടികളുടെ സ്കിൽ അവതരിപ്പിക്കൽ<br>(പത്ര വായന, ഇന്നത്തെ ചിന്താവിഷയം, ഡയറി, കവിത, കഥ, പ്രസംഗം) |

1. മേഖല : **അക്കാദമികം**

ഉപമേഖല : **ഭാഷ മലയാളം**

പ്രവർത്തനം : **മലയാള മധുരം തുടർ പ്രവർത്തനം**

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാളം (മാതൃഭാഷ) ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | **അടിസ്ഥാന ശേഷി പരിശോധന** 3,4 ക്ലാസ്സുകളിൽ ഭാഷയിൽ നേടേണ്ട അടിസ്ഥാന ശേഷികളെ അടിസ്ഥാനമാക്കി പ്രീടെസ്റ്റ് | 2025 ജൂൺ 2-ാം വാരം | SRG | 1000/- PTA |
| | | പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ. സ്കൂൾതല ക്രോഡീകരണം. | 2025 ജൂൺ 2-ാം വാരം | SRG | |
| | | രക്ഷിതാക്കളുടെ യോഗം. CPTA യോഗം വിളിച്ച് വിവിധ ഭാഷാശേഷികൾ പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. | 2025 ജൂൺ 4-ാം വാരം | H.M ക്ലാസ് ടീച്ചർ | |
| | | അധിക പരിശീലന സമയം: എല്ലാ ദിവസവും 1 മണിക്കൂർ | 2025 ജൂലായ് ആദ്യവാരം | SRG | |
| | | പരിശീലനം: ആദ്യ വിലയിരുത്തൽ യോഗം കുട്ടികളുടെ പുരോഗതി വിലയിരുത്താൻ രക്ഷിതാക്കളുടെ യോഗം | 2025 ആഗസ്ത് അവസാന വാരം | SRG | |

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | നാലാം ക്ലാസ് കഴിയുമ്പോഴേക്കും കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക | • അക്ഷര കാർഡ്, വായനാ കാർഡ്, ആകർഷക മായ പുസ്തകങ്ങൾ എന്നിവ നൽകൽ.<br>• വായനോത്സവം<br>• രചനോത്സവം<br>• പാട്ടരങ്ങ്<br>• റീഡേഴ്സ് തിയേറ്റർ | ജൂൺ - മാർച്ച് | SRG<br>PTA | 5000/- |
| | | പോസ്റ്റ് ടെസ്റ്റ് - പരിശീലനത്തിന്റെ ഫലപ്രാപ്തി വില യിരുത്തൽ ടെസ്റ്റ്. | 2025 നവംബർ അവസാന വാരം | H.M<br>PTA | 2000/-<br>PTA |
| | | തുടർ പ്രവർത്തനങ്ങൾ<br>• അടിസ്ഥാനശേഷി നേടിയ കുട്ടികൾക്കായി തുടർ പ്രവർത്തന പാക്കേജ് രൂപപ്പെടുത്തൽ.<br>• വായനാ സാമഗ്രി ലഭ്യമാക്കൽ | 2025 - 26<br>ജനുവരി - മാർച്ച് | SRG | 2000/-<br>PTA |

**2.** മേഖല : **അക്കാദമികം**

ഉപമേഖല : **ഇംഗ്ലീഷ്**

| **ക്രമ നം:** | **ലക്ഷ്യം** | **നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ<br>പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ. | ആഗസ്ത്<br>ആദ്യ വാരം | SRG | 1000/-<br>PTA |
| | | പരിമിതി പരിഹരിക്കുന്നതിന് ആവശ്യമായ പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | ആഗസ്ത് 15 ന് മുമ്പ് | H.M/SRG<br>ഇംഗ്ലീഷ് വിദഗ്ധൻ | ഒരു കുട്ടിക്ക് 50/- രൂപ |
| | | റീഡിംഗ് കോർണർ<br>ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ, ബാലമാസികകൾ എന്നിവ ശേഖരിച്ച് വായനാമൂല ഒരുക്കൽ | സപ്തംബർ<br>മുതൽ | SRG | 2500/-<br>PTA |
| | | ഇംഗ്ലീഷിലുള്ള ഡയറി | ആഴ്ചയിൽ 3 | ക്ലാസ് ടീച്ചർ | |
| | | പതിപ്പു നിർമ്മാണം<br>ഇംഗ്ലീഷ് രചനകൾ ഉൾപ്പെടുത്തി (ഇൻലന്റ് മാസിക) | ഫെബ്രുവരി | SRG<br>PTA | 2500/-<br>PTA |
| | | ഇംഗ്ലീഷിലുള്ള അസംബ്ലി (ആഴ്ചയിൽ ഒരു ദിവസം) | ഡിസംബർ- മാർച്ച് | H.M<br>SRG | |

3. മേഖല : **അക്കാദമികം**

ഉപമേഖല : **ഗണിതം**

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിതം കുട്ടികൾക്ക് ആകർഷണീയമാക്കുക. നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നു. ആസ്വാദനതലത്തിലേക്ക് എത്തിക്കുക. | **ശില്പശാല**<br>ഗണിതാശയങ്ങൾ ഊന്നിയുള്ള നിർമ്മാണത്തിന് പ്രാധാന്യം നൽകുന്നു. | സപ്തംബർ | SRG | 5000/- PTA |
| | | ഗണിത മേള<br>ഗണിത ശാസ്ത്രമേളയിലെ ഇനങ്ങൾ തയ്യാറാക്കേണ്ട രീതി പരിചയപ്പെടുത്തൽ, തയ്യാറാക്കൽ | | | |
| | | ഗണിത മാഗസിൻ നിർമ്മാണം, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ | ഒക്ടോബർ- ജൂൺ- മാർച്ച് | SRG | 1000/- PTA |
| | | ഗണിത ക്യാമ്പ് | ജനുവരി- മാർച്ച് | SRG PTA | 3000/- |
| 2 | എല്ലാവർക്കും ഗണിത കിറ്റ് | പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് കിറ്റ് നിർമ്മാണം<br>(കുന്നിക്കുരു, മഞ്ചാടി, ഈർക്കിൽ കെട്ട്) | ജൂൺ- ആഗസ്ത് | PTA SSG | |

**4.** മേഖല : **അക്കാദമികം**

ഉപമേഖല : **പരിസരപഠനം**

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | 1 മുതൽ 4 ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കുക. | ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | 2025 ആഗ്സ്ത് സപ്തംബർ | ക്ലാസ് ടീച്ചർ | |
| | | തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ/ലാബിൽ സൂക്ഷിക്കേണ്ടവ തരംതിരിക്കൽ | 2025 സപ്തംബർ അവസാനം | SRG | |
| | | നടത്തേണ്ട പരീക്ഷണങ്ങളടക്കം പ്രിന്റ് ചെയ്യൽ, സാമഗ്രി വാങ്ങൽ | 2025 ഒക്ടോബർ | | 3000/- PTA |
| 2 | എന്റെ വീട് ഒരു കുഞ്ഞുപരീക്ഷണശാല | ശാസ്ത്രമൂല ക്രമീകരിക്കൽ<br>ആവശ്യമായ ക്രമീകരണം:<br>അലമാര, വീട്ടിൽ ഒരു ലാബ് | 2025 | | 8000/- പഞ്ചായത്ത് |
| | | പരീക്ഷണ ശില്പശാല (ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിപ്പിക്കൽ) | 2025 ഡിസംബർ | | 7000/- പഞ്ചായത്ത് |
| | | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങൽ, രക്ഷിതാക്കളെ വായിപ്പിക്കൽ | 2025 ഡിസംബർ- ജനുവരി . | H.M CPTA | 3000/- SSA PTA |
| | | ക്യാമ്പ്<br>ഫീൽഡ് ട്രിപ്പ് | നവംബർ | SRG | 8000/- |
| | | ജൈവ- വൈവിധ്യ ഉദ്യാനം | ജൂൺ- ആഗസ്ത് | PTA | 5000/- |

**5.** മേഖല : **അക്കാദമികം**

ഉപമേഖല : **ലൈബ്രറി ശാക്തീകരണം**

| **ക്രമ നം:** | **ലക്ഷ്യം** | **നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|---|
| 1 | ലൈബ്രറി ശാക്തീകരണം സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവയുടെ പ്രവർത്തനം ത്വരിതപ്പെടുത്തൽ | വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾതല വായനാ ക്ലാസ് രൂപീകരിക്കൽ | എല്ലാ വർഷവും ജൂൺ ആദ്യവാരം | SRG കൺവീനർ | |
| | | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തകങ്ങളുടെ ലിസ്റ്റ് ചെയ്യൽ, ശേഖരിക്കൽ, വായനാ ചാർട്ട് തയ്യാറാക്കൽ, പിറന്നാൾ പുസ്തകം | എല്ലാ വർഷവും ജൂലായ് 2-ാം വാരം | ക്ലാസ് അധ്യാപകർ | 5000/- PTA |
| | | മോണിറ്ററിംഗ്<br>ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വിതരണ രജിസ്റ്റർ, വായനാകുറിപ്പ് എന്നിവ മാസത്തിൽ ഒരിക്കൽ പരിശോധന, മെച്ചപ്പെട്ടവ കണ്ടെത്തൽ | എല്ലാ വർഷവും ജൂൺ-ഫെബ്രുവരി | H.M | |
| | | ആസ്വാദന കുറിപ്പ് തയ്യാറാക്കൽ, പ്രസിദ്ധീകരിക്കൽ, ആഴ്ചയിൽ ഒരു തവണ അധ്യാപകർ പുസ്തക പരിചയം നടത്തൽ | എല്ലാ വർഷവും ജൂൺ-ഫെബ്രുവരി | പ്രാദേശിക സ്പോൺസർ | 2000/- പ്രാദേശിക സ്പോൺസർ |
| | | അമ്മ വായന, കുറിപ്പുകൾ പ്രസിദ്ധീകരണം | എല്ലാ വർഷവും | അമ്മമാർ | 2000/- |

## കലാകായികശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കൽ | കലാകായികശാസ്ത്ര ഗണിതശാസ്ത്ര, പ്രവൃത്തി പരിചയ മേളകളിൽ കുട്ടികളെ സജ്ജരാക്കൽ (അധ്യാപകർ- രക്ഷിതാക്കൾ) | എല്ലാ വർഷവും | | |
| | | കുട്ടികൾ പഠന യാത്ര | | | |
| | | കലാ- കായിക മികവ് പ്രകടിപ്പിക്കാൻ വാർഷികാഘോഷം | എല്ലാ വർഷവും | H.M<br>PTA | |
| 2 | LSS സജ്ജമാക്കൽ | പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് (LSS) രക്ഷിതാക്കളുടെ സഹായത്തോടെ കോച്ചിംഗ് | എല്ലാ വർഷവും | | |
| 3 | വായന പരിപോഷണം | മെഗാ ക്വിസ്സ് പ്രോഗ്രാം<br>• പത്ര വാർത്തയെ അടിസ്ഥാനമാക്കി മാസത്തിൽ പ്രശ്നോത്തരി നടത്തുന്നു.<br>• മാർച്ച് അവസാനത്തോടെ മെഗാക്വിസ്സ് നടത്തുന്നു | എല്ലാ വർഷവും | SRG<br>PTA | 3000/-<br>PTA |

**6.** മേഖല : **ഭൗതീകം**

ഉപമേഖല : **കായിക വിദ്യാഭ്യാസം**

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് | ചുമതല | കാലയളവ് |
|---|---|---|---|---|---|
| 1 | കായിക വിദ്യാഭ്യാസത്തിനും പരിശീലനത്തിനും അവസരമൊരുക്കൽ | കുട്ടികൾക്ക് കളിക്കുന്നതിനുള്ള കളി ഉപകരണം | 50000/- | പഞ്ചായത്ത് | 2025-26 |
| | | ഗ്രൗണ്ട് ലവലിംഗ് | 100000/ | MLA/MP | |
| | | കുട്ടികൾക്ക് നീന്തലിലും, സൈക്ലിംഗിലും പരിശീലനം ലഭ്യമാക്കൽ | 10000/ | PTA | എല്ലാ വർഷവും |
| | | കായികമേള സംഘടിപ്പിക്കൽ | 10000/ | PTA | എല്ലാ വർഷവും |

**7.** മേഖല : **ഭൗതീകം**

ഉപമേഖല : **സ്കൂളും പരിസരവും ആകർഷകമാക്കൽ**

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് | ചുമതല | കാലയളവ് |
|---|---|---|---|---|---|
| 1 | സ്കൂളും പരിസരവും ആകർഷകമാക്കൽ | നിലവിലുള്ള ടോയ്ലറ്റ് വാതിലുകൾ റിപ്പയർ | 5000/- | പഞ്ചായത്ത് | 2025-26 |
| | | ടോയ്ലറ്റ് യൂനിറ്റ് -1 (പ്രീപ്രൈമറി) | 1,00000/ | SSK പഞ്ചായത്ത് | 2025-26 |
| | | സ്കൂൾ മുറ്റം ഇന്റർലോക്ക് | 150000/ | പഞ്ചായത്ത് | 2025-26 |
| | | ഭക്ഷണശാല പരിസരം ഷീറ്റ് പാകി വൃത്തിയാക്കൽ വാട്ടർ ഫിൽട്ടർ യൂനിറ്റ് | 60000/ | പഞ്ചായത്ത് | 2025-27 |
| | | ഉച്ചഭക്ഷണം കഞ്ഞിപ്പുരയോട് ചേർന്ന് സോക്ക്പിറ്റ് നിർമ്മാണം | 70000/- | SSK പഞ്ചായത്ത് | 2025-27 |

8. മേഖല : **സാമൂഹികം**

| ക്രമ നം: | ലക്ഷ്യം | നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് | ചുമതല | കാലയളവ് |
|---|---|---|---|---|---|
| 1 | സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തുക | ഓരോ മാസത്തിലും CPTA, PTA, MPTA നേതൃത്വത്തിൽ യോഗങ്ങൾ | 5000/- | PTA | ഓരോ മാസവും |
| | | ഓരോ മാസവും കൃത്യമായ തീയ്യതികളിൽ ക്ലാസ് പരീക്ഷ, പരീക്ഷാ കളി, ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് CPTA യുടെ വക സമ്മാനം | 5000/- | PTA | |
| | | കലാ-കായിക, ശാസ്ത്ര-ഗണിതശാസ്ത്ര മേളകളിൽ കുട്ടികളെ സഹായിക്കൽ | 8000/- | PTA | |
| | | പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ | | H.M<br>PTA | |
| | | സ്കൂൾ വികസന സമിതി സജീവമാക്കൽ | | H.M<br>PTA | |

## ഉപസംഹാരം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജനപങ്കാളിത്തത്തോടെ മുന്നോട്ട് കുതിക്കുകയാണ്. പരിമിതികളെ സാധ്യതകളാക്കാനും, വെല്ലുവിളികളെ തരണം ചെയ്യാനും അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുന്നു. അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ സമഗ്ര പുരോഗതി കൈവരിക്കുമ്പോൾ വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നു. അതിനായി നമുക്ക് കൃത്യമായ ലക്ഷ്യത്തോടെ ഒത്ത് പ്രവർത്തിക്കാം.